# കേരള സർക്കാർ

## <u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2019 -കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ കൊട്ടിയൂർ വില്ലേജിൽ ഭൂമി നഷ്ടപ്പെട്ട ശ്രീ. ജോസഫ് ഏറത്ത്, ചാപ്പമല എന്നയാൾക്ക് വീട് നിർമ്മിക്കാൻ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ — മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്**

സ.ഉ. (സാധാ) നം. **74/2022/റവ.** തിരുവനന്തപുരം, തീയതി, 04.01.2022.

=====================================================================

പരാമർശം:- 1. സ.ഉ. (കൈ) നം. 25/2019/ദു.നി.വ., തീയതി, 23.08.2019.
2. സ.ഉ. (കൈ) നം. 38/2019/ദു.നി.വ., തീയതി, 19.12.2019.
3. സ.ഉ. (സാധാ) നം. 465/2021/ദു.നി.വ, തീയതി, 14.06.2021.

## <u>ഉത്തരവ്</u>

2019-ലെ പ്രളയത്തിൽ കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ കൊട്ടിയൂർ വില്ലേജിൽ ഭൂമി നഷ്ടപ്പെട്ട ശ്രീ. ജോസഫ് ഏറത്ത്, ചാപ്പമല എന്നയാൾക്ക് വീട് നിർമ്മിക്കാൻ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ പരാമർശം (1), (2) ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് നൽകേണ്ടതാണെന്ന് പരാമർശം (3) പ്രകാരം ഉത്തരവായി.

2. ആയതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ കൊട്ടിയൂർ വില്ലേജിൽ 2019-ലെ പ്രളയത്തിൽ ഭൂമി നഷ്ടപ്പെട്ട ശ്രീ. ജോസഫ് ഏറത്ത്, ചാപ്പമല എന്നയാൾക്ക് വീട് നിർമ്മിക്കാൻ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചു ഉത്തരവാകുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന തുകയായ 6,00,000/- രൂപ (ആറ് ലക്ഷം രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ

...2/-

ശ്രീ. ജോസഫ് ഏറത്തിന് തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീല. എം.,
ഡെപ്യൂട്ടി സെക്രട്ടറി.

ജില്ലാ കളക്ടർ, കണ്ണൂർ

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K N

സെക്ഷൻ ഓഫീസർ.